(ബി)	1985–86 ഒന്നാംവർഷം കോടി രൂപ	1986–87 രണ്ടാംവർഷം കോടി രൂപ
സംസ്ഥാനം ആവശ്യപ്പെട്ടത്	549	435
അംഗീകരിച്ചത്	355	390
കേന്ദ്രസഹായം (മുൻകൂർ പദ്ധതി സഹായം ഉൾപ്പെടെ)	288	280

(സി) അന്തിമമായി കണക്കാക്കിയിട്ടില്ല. എന്നിരുന്നാലും ഇതുവരേയും ലഭിച്ച കണക്കനുസരിച്ച് 336.31 കോടിരൂപ ചെലവാക്കിയിട്ടുണ്ട്. 1985–86–ലെ പുതുക്കിയ എസ്റ്റിമേറ്റ് 371 കോടിരൂപയാണ്. 1985–86–ൽ കേന്ദ്രസഹായമായി 283.18 കോടി രൂപ ലഭിച്ചിട്ടുണ്ട്.

തിരുവനന്തപുരത്തെ മുസ്ലീം മൈനോറിറ്റി കമ്മ്യൂണിറ്റി.

* 7 [7] ശ്രീ. ടി.കെ. [illegible]ുമുഖൻ:
,, കെ.പി. അരവിന്ദാക്ഷൻ:
,, എസ്. ഗോവിന്ദക്കുറുപ്പ്:
,, എ.കെ. പത്മനാഭൻ:
,, ഒ. ഭരതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന 'വേൾഡ് മുസ്ലീം മൈനോറിറ്റി കമ്മ്യൂണിറ്റിയ്ക്ക്' വിദേശത്തു നിന്നും പണം ലഭിക്കുന്നതായുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ 4 വർഷത്തിനിടയിൽ ഈ സ്ഥാപനത്തിന് എന്തു തുക കിട്ടിയിട്ടുണ്ട്;

(സി) ഈ സംഘടനയുടെ ഉൽഘാടനത്തിനു വിദേശത്തു നിന്നും ആരെങ്കിലും വന്നിരുന്നുവോ; എങ്കിൽ ആരൊക്കെ; അവർ കേരളത്തിൽ താമസിച്ചിരുന്നുവോ;

(ഡി) വിദേശത്തുനിന്നും വന്നവർ ഇവിടെ ധാരാളം പണം വിതരണം ചെയ്തതായി അറിയുന്നതു ശരിയാണോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) തിരുവനന്തപുരം ആസ്ഥാനമായി ഇങ്ങനെയൊരു സ്ഥാപനം പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി,സി,ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly